## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2686** 12.02.2019 -ലെ മറുപടി

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | **കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡല പരിധിയിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

1 കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി പഞ്ചായത്തിൽ ഉുവപ്പാറ റോക്കിന്റെ വടക്കുഭാഗത്ത് കാപ്പാട് ബീച്ചിൽ 75 മീറ്റർ നീളത്തിൽ കോർവാൾ നിർമ്മാണം- ചെലവായ തുക-15,96,712 രൂപ. (പ്രവൃത്തി പൂർത്തീകരിച്ചു)

2 പയ്യോളി മുനിസിപ്പാലിറ്റിയിലെ കുറ്റ്യാടി പുഴയിൽ സ്ഥിതി ചെയ്യുന്ന കോട്ടുത്തുരുത്തിന്റെ കിഴക്ക് ഭാഗത്ത് 170 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിന് - 42 ലക്ഷം - ടെൻഡർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

3 കോഴിക്കോട് കോർപ്പറേഷനിൽ എരഞ്ഞിക്കൽ മുതൽ കോരപ്പുഴ വരെ ചെയിനേജ് 412.82 കി മീ മുതൽ 418.32 കി മീ വരെ ഉൾനാടൻ ജലപാതയുടെ സമുദ്ധാരണം- 60 ലക്ഷം ( ചെളി നിക്ഷേപിക്കാനുള്ള സ്ഥലം റവന്യൂ അധികൃതർ തീരുമാനിച്ച തരേണ്ടതുണ്ട്.)

4 പയ്യോളി മുൻസിപ്പാലിറ്റിയിൽ കോട്ടക്കൽ കൊളാവിപ്പാലം അഴിമുഖത്തും സമീപ പ്രദേശങ്ങളിലും വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള പ്രവൃത്തി- 18.50 ലക്ഷം. (പ്രവൃത്തി പൂർത്തീകരിച്ചു).

5 വെള്ളപ്പൊക്ക നിയന്ത്രണം- കൊയിലാണ്ടി താലൂക്കിൽ കോരപ്പുഴയിൽ റെയിൽവേപ്പാലം (ചെയിനേജ് 418.32 കി മീ). മുതൽ കോരപ്പുഴ അഴിമുഖം വരെ ചെളി നീക്കം ചെയ്ത് പുഴയൊഴുക്ക് ക്രമീകരിക്കൽ- 375 ലക്ഷം (സാങ്കേതികാനുമതിക്കുള്ള നടപടികൾ നടന്നു വരുന്നു.)

6 വെള്ളപ്പൊക്ക നിയന്ത്രണം- ചെങ്ങോട്ട്കാവ് പഞ്ചായത്തിൽ എഴുകുടിക്കൽ കടപ്പുറത്ത് സി പി 1923 നടുത്ത് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് ഡ്രെയിനേജ് സൗകര്യപ്പെടുത്തൽ- 1.70 ലക്ഷം (പ്രവൃത്തി പൂർത്തീകരിച്ചു).

7 ചേമഞ്ചേരി പഞ്ചായത്തിൽ സി പി 1917 നടുത്ത് 100 മീറ്റർ നീളത്തിൽ കാപ്പാട് കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി- 45 ലക്ഷം (ടെണ്ടർ അംഗീകാരത്തിനുള്ള നടപടികൾ നടന്നുവരുന്നു)

8 ചേമഞ്ചേരി പഞ്ചായത്തിൽ സി പി 1917 നും 1919 നുമിടക്ക് കാപ്പാട് കടൽ ഭിത്തിയിൽ 35 മീറ്റർ നീളത്തിൽ ഫിഷിംഗ് ഗേപ്പ് അടയ്ക്കുന്ന പ്രവൃത്തി -25 ലക്ഷം.(ടെണ്ടർ അംഗീകാരത്തിനുള്ള നടപടികൾ നടന്നുവരുന്നു)

9 കൊയിലാണ്ടി താലൂക്കിൽ കോളംതോട് കടപ്പുറത്ത് സി പി 1948 ന് 15 മീറ്റർ തെക്ക് നിന്നും തുടങ്ങി തെക്കോട്ട് 66 മീറ്റർ നീളത്തിൽ ഫിഷിംഗ് ഗേപ്പ് അടയ്ക്കുന്ന പ്രവൃത്തി- 15 ലക്ഷം (ഇ-ക്വട്ടേഷൻ അംഗീകാരത്തിനുള്ള നടപടികൾ നടന്നുവരുന്നു)

**സെക്ഷൻ ഓഫീസർ**